<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3103</u> <u>25-06-2024 - ൽ മറുപടിയ്ക്ക്</u>

<u>മത്സ്യത്തൊഴിലാളികളുടെ സുരക്ഷ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ അടുത്തകാലത്തായി തുടർച്ചയായുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സന്ദർഭങ്ങളിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | തുടർച്ചയായുണ്ടാകുന്ന കള്ളക്കടൽ പ്രതിഭാസം വകുപ്പ് ഗൗരവത്തോടെ കാണുന്നുണ്ട്. കേരള തീരത്ത് കള്ളക്കടൽ പ്രതിഭാസത്തിനും, ഉയർന്ന തിരമാലയ്ക്കും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം (INCOIS) മുഖാന്തരം അറിയിപ്പ് ലഭ്യമാക്കുന്ന സാഹചര്യത്തിൽ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിയ്ക്കുന്നതിനും, കടലിൽ പോകരുത് എന്ന് അറിയിപ്പ് ലഭ്യമായാൽ ആയതും അനുസരിച്ച് സമയബന്ധിതമായി ആവശ്യമായ ജാഗ്രത നിർദ്ദേശങ്ങൾ ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയും, പത്ര മാധ്യമങ്ങളിലൂടെയും മുന്നറിയിപ്പ് നൽകുന്നുണ്ട്. കൂടാതെ തീര പ്രദേശത്തെ ആരാധനാലയങ്ങളിലൂടെയും, മൈക്ക് അനൗൺസ്മെന്റ് വഴിയും മുന്നറിയിപ്പ് നൽകി വരുന്നു. മത്സ്യബന്ധനയാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയട്ട് സൂക്ഷിക്കുന്നതിനും, വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മുന്നറിയിപ്പ് നൽകുന്നുണ്ട്. തീരപ്രദേശത്ത് ഫിഷറീസ് വകുപ്പ് മറൈൻ എൻഫോഴ്സ്മെന്റിന്റെയും, കോസ്റ്റൽ പോലീസിന്റെയും പട്രോളിംഗ് കൂട്ടതൽ ശക്തമാക്കിയിട്ടുണ്ട്. അപകടത്തിൽ പ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ തീരദേശ ജില്ലകളിലും റസ്ക്യൂ ബോട്ടുകളും കടൽ സുരക്ഷാ സ്ക്വാഡുകളും, ലൈഫ് ഗാർഡുമാരെയും സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ ആംബുലൻസുകളും സജ്ജമാക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് മത്സ്യത്തൊഴിലാളികൾ | (ബി) | കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് മുതലപ്പൊഴിയിൽ 3 അപകടങ്ങളിലായി 5 |

| | | | |
|---|---|---|---|
| | അപകടത്തിൽപ്പെടുകയോ മത്സ്യബന്ധന ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | | മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റിട്ടുണ്ട്.<br><br>31-05-2024 ന് ഉണ്ടായ കള്ളക്കടൽ പ്രതിഭാസത്തെ തുടർന്നുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മത്സ്യബന്ധനയാനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ, വീടുകൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. എല്ലാം കൂടി ഏകദേശം 1,86,27,375/- രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.<br><br>സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF)/ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുകയാണ്. |
| (സി) | എങ്കിൽ ഇപ്രകാരം നാശനഷ്ടം ഉണ്ടായവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് മുതലപ്പൊഴിയിൽ 3 അപകടങ്ങളിലായി 5 മത്സ്യത്തൊഴിലാളികൾക്ക് പരിക്കേറ്റിട്ടുണ്ട്.<br><br>31-05-2024 ന് ഉണ്ടായ കള്ളക്കടൽ പ്രതിഭാസത്തെ തുടർന്നുണ്ടായ രൂക്ഷമായ കടലാക്രമണത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മത്സ്യബന്ധനയാനങ്ങൾ, മത്സ്യബന്ധന ഉപകരണങ്ങൾ, വീടുകൾ എന്നിവയ്ക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. എല്ലാം കൂടി ഏകദേശം 1,86,27,375/- രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് പ്രാഥമികമായി കണക്കാക്കിയിട്ടുണ്ട്.<br><br>സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF)/ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടർ തയ്യാറാക്കി വരുകയാണ്. |

സെക്ഷൻ ഓഫീസർ